(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) പി.എച്ച്.സി.കൾ 24 മണിക്കൂർ പ്രവർത്തിക്കുന്നതിനാവശ്യമായ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ സ്വീകരിച്ചുവരുന്നുണ്ട്; പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സർക്കാർ ഇക്കാര്യം പരിശോധിക്കുന്നതാണ്.

RSBY CHIS PLUS ആനുകൂല്യം ഹീമോഫീലിയ രോഗികൾക്കും ലഭ്യമാക്കുന്നതിനുള്ള നടപടി

102 (4388) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഹീമോഫീലിയ രോഗചികിത്സാ സൗകര്യം കൂടുതൽ സർക്കാർ ആശുപത്രികളിൽ ഏർപ്പെടുത്തുന്നതിനും, RSBY CHIS PLUS ആനുകൂല്യം ഹീമോഫീലിയ രോഗികൾക്കും ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

ലോട്ടറി വകുപ്പിന്റെ കാരുണ്യ പദ്ധതിയിലൂടെ എല്ലാ ഹീമോഫീലിയ രോഗികൾക്കും മുന്ന ലക്ഷം രൂപ നൽകിവരുന്നു. അതിനു പുറമേ ഇവർക്ക് 1000 രൂപ പെൻഷനും നൽകുന്നുണ്ട്. 29/11/2014-ലെ സ.ഉ.(കൈ) നമ്പർ 337/14/ആ.കു.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഹീമോഫീലിയ രോഗികൾക്കാവശ്യമായ ഫാക്ടർ 8, ഫാക്ടർ 9, ഫീബ ഇൻജക്ഷനുകൾ എസൻഷ്യൽ ഡ്രഗ്സ് ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. RSBY CHIS PLUS ആനുകൂല്യം ഹീമോഫീലിയ രോഗികൾക്കും ലഭ്യമാക്കുന്നത് സംബന്ധിച്ച വിഷയം ഇപ്പോൾ പരിഗണനയിലില്ല.

ബേബിക്രഷിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

103 (4389) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബേബിക്രഷിലെ ജീവനക്കാരുടെ സേവന വേതന വ്യവസ്ഥ കൃത്യമായി നിർവ്വചിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അവരുടെ വേതനം നല്കുന്ന ഏജൻസി ഏതാണ്;

(സി) ഈ മേഖലയിൽ സേവനമനുഷ്ഠിക്കുന്നവരുടെ വേതനം സർക്കാർ സർവ്വീസിലുള്ളത് പോലെ ഏകീകൃത സ്വഭാവമുള്ളതാണോ ;

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

(ഡി) പ്രസ്തുത ജീവനക്കാരുടെ ജോലി സമയം കൃത്യമായി തിട്ടപ്പെടുത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) രാജീവ് ഗാന്ധി നാഷണൽ ക്രഷ് സ്കീമിന്റെ ഭാഗമായി കേന്ദ്ര വനിത - ശിശുക്ഷേമ മന്ത്രാലയത്തിൽനിന്നും ലഭിക്കുന്ന ഗ്രാന്റ് ഉപയോഗിച്ച് സംസ്ഥാന സാമൂഹ്യക്ഷേമ ബോർഡ്, സംസ്ഥാന ശിശുക്ഷേമ സമിതി എന്നിവ മുഖേനയാണ് ക്രഷിലെ ജീവനക്കാരുടെ വേതനം നൽകുന്നത്.

(സി) അല്ല. ബേബി ക്രഷിൽ ബാലസേവികയ്ക്ക് 1200 രൂപയും ആയയ്ക്ക് 800 രൂപയുമാണ് പ്രതിമാസ ഓണറേറിയം ആയി നൽകുന്നത്.

(ഡി) ഉണ്ട്. രാവിലെ 9 മണി മുതൽ വൈകിട്ട് 5 മണിവരെ (8 മണിക്കൂർ)

നഴ്സിംഗ് വിദ്യാഭ്യാസം നവീകരിക്കുവാൻ നടപടികൾ

104 (4390) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴയ്ക്കൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) സംസ്ഥാനത്തെ നഴ്സിംഗ് വിദ്യാഭ്യാസം നവീകരിക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ബി) കേരളത്തിൽ നിന്നുള്ള നഴ്സുമാർ ലോകത്തിലെ വിവിധ രാജ്യങ്ങളിൽ ജോലി തേടിപ്പോകുന്നത് കണക്കിലെടുത്ത് നഴ്സിങ് വിദ്യാഭ്യാസം ആധുനിക വത്ക്കരിക്കുന്നതിനും മത്സരം കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ;

(സി) വൈദ്യരംഗത്തെ വെല്ലുവിളികൾ നേരിടുവാൻ നഴ്സിങ് മേഖലയെ സജ്ജമാക്കുവാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനുദ്ദേശിക്കുന്നു; വിശദമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നഴ്സിംഗ് കോളേജുകളിൽ സർക്കാർ തീരുമാനമനുസരിച്ചും ഫണ്ടനുവദിക്കുന്നതനുസരിച്ചും കാലാകാലങ്ങളിൽ വേണ്ട നവീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly